"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - നോർക്ക സെൽ, ന്യൂഡെൽഹി പദ്ധതി - 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.454/2024/NORKA തീയതി,തിരുവനന്തപുരം, 18-06-2024

പരാമർശം:-
1. റസിഡന്റ് കമ്മീഷണറുടെ 16.5.2024 തീയതിയിലെ NC/12/2024-KHND നമ്പർ കത്ത്.
2. 3.6.2024 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പ്രവാസി മലയാളികൾക്കുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവും ഏകോപനവും നോർക്ക സെൽ ന്യൂഡെൽഹി കാര്യാലയത്തിൽ നിന്നും നടത്തിവരുന്നു. പ്രസ്തുത കാര്യാലയത്തിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിനും മറ്റ് ചെലവുകൾക്കും നോർക്ക സെൽ-ന്യൂഡൽഹിയുടെ മറ്റ് ചെലവുകൾക്കുമായുള്ള തുക വകുപ്പിന്റെ പദ്ധതി വിഹിത പ്രകാരം അനുവദിച്ചിട്ടുണ്ട്.

2. നോർക്ക സെൽ, ന്യൂഡെൽഹി എന്ന പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-06 (പ്ലാൻ) എന്ന ശീർഷകത്തിൽ 16,00,000/- (പതിനാറ് ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. 3.6.2024-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പദ്ധതിയ്ക്കായി ഭരണാനുമതി നൽകുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോർക്ക സെൽ, ന്യൂഡെൽഹി എന്ന പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-06 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 16,00,000/- രൂപ (പതിനാറ് ലക്ഷം രൂപ മാത്രം) ചുവടെ പ്രതിപാദിക്കും പ്രകാരം വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഘടകം | തുക |
| --- | --- |
| For meeting the monthly salary and other expenses of one employee of Norka Cell, New Delhi, the | 16,00,000/- രൂപ (പതിനാറ് ലക്ഷം രൂപ മാത്രം) |

| | |
|---|---|
| administrative expenses of Norka Cell, New Delhi and for meeting the expenses of Officer on Special Duty (External Cooperation) | |

4. പദ്ധതി നടത്തിപ്പിന് പ്രസക്തമായ എല്ലാ Codal formalities-ഉം കർശനമായും പാലിക്കുന്നുണ്ടെന്ന് എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസർ, ന്യൂഡെൽഹി കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഭരണാനുമതി ലഭിച്ചതിൻപ്രകാരമുള്ള തുക ചെലവഴിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുമ്പോൾ 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന തുക വിനിയോഗിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള റിപ്പോർട്ട് (Utilization Certificate) കൂടി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജനി എം
ഡെപ്യൂട്ടി സെക്രട്ടറി

1. എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസർ & ഓഫീസർ ഇൻ-ചാർജ്ജ് ഓഫ് നോർക്ക സെൽ, ന്യൂഡെൽഹി
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
3. അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ & ട്രഷറി ഓഫീസർ, റസിഡന്റ് കമ്മീഷണറുടെ കാര്യാലയം, കേരള ഹൗസ്, ന്യൂഡെൽഹി
4. ധനകാര്യ വകുപ്പ്.
5. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Githin. S. V
Date: 18-06-2024 14:18:38
സെക്ഷൻ ഓഫീസർ